പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2724 — 18/08/2017 -ൽ മറുപടിയ്ക്ക്

# സ്കൂൾ വിദ്യാർത്ഥികളുടെ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നത് സംബന്ധിച്ച് ബാലാവകാശ കമ്മീഷനും, പ്രൊഫ. യശ്പാൽ കമ്മിറ്റിയും നൽകിയ നിർദ്ദേശം എന്താണ്; | (എ) | പാഠപുസ്തകങ്ങൾ 60 പേജിൽ കവിയാതെ ഒന്നിൽ കൂടുതൽ ഭാഗങ്ങളാക്കി പ്രിന്റ് ചെയ്ത് നൽകണമെന്നതാണ് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശം. |
| (ബി) പ്രസ്തുത നിർദ്ദേശം ഈ അദ്ധ്യയന വർഷം നടപ്പിലാക്കിയോ; | (ബി) | 2017-18 അദ്ധ്യയന വർഷം നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) പാഠപുസ്തകങ്ങൾ ഒന്നിൽ കൂടുതൽ വാല്യമായിട്ടാണോ കുട്ടികൾക്ക് വിതരണം ചെയ്തത്; പാഠപുസ്തകങ്ങളുടെ എല്ലാ വാല്യങ്ങളും ഇതിനകം വിതരണം ചെയ്തിട്ടുണ്ടോ; | (സി) | അതെ. ഒന്നാം വാല്യം വിതരണം ചെയ്തു കഴിഞ്ഞു. രണ്ടാം വാല്യത്തിന്റെ വിതരണം 07/08/2017 മുതൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാം വാല്യത്തിന്റെ വിതരണം പൂർത്തിയാക്കിയ ശേഷം മൂന്നാം വാല്യത്തിന്റെ വിതരണം ആരംഭിക്കുന്നതാണ്. |
| (ഡി) കഴിഞ്ഞ വർഷം ഒറ്റ വാല്യമായി അച്ചടിച്ച പാഠപുസ്തകങ്ങൾ വിതരണം ചെയ്യേണ്ട എന്ന തീരുമാനം മൂലം എത്ര കോടി രൂപയുടെ പുസ്തകങ്ങളാണ് ഉപയോഗ ശൂന്യമായതെന്ന് വ്യക്തമാക്കാമോ? | (ഡി) | തുക കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ